## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1887.** **08.03.2018 ൽ മറുപടിക്ക്.**

## ഉപഭോക്താക്കളിൽ നിന്ന് ഈടാക്കിയ ജി.എസ്.ടി.

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.രാജൻ** | **ഡോ.ടി.എം.തോമസ് ഐസക്ക് (ധനകാര്യവും കയറും വകുപ്പുമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | വ്യാപാരികൾ ഉപഭോക്താക്കളിൽ നിന്ന് ജി.എസ്.ടി ഈടാക്കിയശേഷം ആയത് സർക്കാരിൽ അടയ്ക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല |
| (ബി) | എങ്കിൽ ഇതുമായി ബന്ധപ്പെട്ട് എത്ര പേർക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | ബാധകമല്ല. |
| (സി) | ഇത്തരക്കാരെ പിടികൂടുന്നതിന് ചരക്ക് സേവന നികുതി വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) | ഇത്തരക്കാരെ പിടികൂടുന്നതിനായി സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് ബില്ലുകൾ പരിശോധിക്കുകയും അവ ശേഖരിക്കുകയും ചെയ്യുന്നു. ഇന്റലിജൻസ് സ്ക്വാഡുകളിൽ കൂടുതൽ പേരെ വിന്യസിച്ച് പരിശോധന കാര്യക്ഷമമാക്കിയിരിക്കുന്നു.<br>കൂടാതെ നികുതി വെട്ടിപ്പ് തടയുന്നതിന് വ്യാപാരികൾ ഫയൽ ചെയ്യുന്ന റിട്ടേൺ യഥാസമയം പരിശോധിക്കുകയും നികുതി ചോർച്ച ഇല്ലെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുന്നു. കൂടാതെ കടകളിൽ നേരിട്ട് ചെന്ന് ബില്ലുകൾ ശേഖരിക്കുകയും നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരായവർ എല്ലാം തന്നെ രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുന്നു. രജിസ്ട്രേഷൻ എടുക്കാൻ ബാധ്യസ്ഥരായ വ്യാപാരികളെ കണ്ടെത്തി രജിസ്ട്രേഷൻ എടുപ്പിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | കൂടാതെ ബില്ലുകൾ കൊടുക്കാതെ ബിസിനസ്സ് നടത്തുന്നവരെ കണ്ടെത്തി അവരുടെ വിവരങ്ങൾ ഇന്റലിജൻസ് വിഭാഗത്തിന് കൈമാറുകയും അവർ കൂടുതൽ പരിശോധന നടത്തുകയും ചെയ്യുന്നു.<br>ഇ-വേയ് ബില്ല് സമ്പ്രദായം നടപ്പിലാക്കുമ്പോൾ സംസ്ഥാനത്തിനകത്തേയ്ക്ക് വരുന്ന എല്ലാ ചരക്കുകളുടെയും വിശദാംശം ഓൺലൈൻ വഴി ലഭ്യമാകും. ജി.എസ്.ടി. നിയമ പ്രകാരം രജിസ്ട്രേഷൻ എടുത്ത വ്യാപാരികൾ തമ്മിലുള്ള ക്രയവിക്രയങ്ങൾ ജി.എസ്.ടി. പോർട്ടൽ മുഖേന ക്രോസ് ചെക്ക് ചെയ്ത് നികുതി വെട്ടിപ്പ് നടത്തുന്ന വ്യാപാരികളെ കണ്ടെത്തി നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.<br>അതിർത്തി പ്രദേശങ്ങളിൽ ചെക്ക് പോസ്റ്റുകൾ നിർത്തലാക്കിയ സാഹചര്യത്തിൽ ഇന്റലിജൻസ് വിഭാഗം അതീവ ജാഗ്രതാ നിരീക്ഷണം നടത്തി നികുതി വെട്ടിപ്പ് തടയുന്നതിന് കാര്യക്ഷമമായ നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ വാഹന പരിശോധന, ടെസ്റ്റ് പർച്ചേസ് തുടങ്ങിയവയിലൂടെയും നികുതി അടവ് ഉറപ്പ് വരുത്തുന്നതാണ്. |

**സെക്ഷൻ ഓഫീസർ**